**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3580** | **14-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം -പരവൂർ - നെല്ലേറ്റ് വഴിയുള്ള ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തിന് മുൻപ് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന ഓർഡിനറി ബസ് സർവ്വീസുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സർവ്വീസുകളിൽ നിർത്തലാക്കിയവയിൽ ഏതെല്ലാം ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കോവിഡ് വ്യാപനത്തിന് മുൻപ് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 40 ഓർഡിനറി ബസ് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>നിർത്തലാക്കിയവയിൽ 06.30 മരക്കുളം, പഴയ ഡ്യൂട്ടികളായ 06.20 കൊല്ലം (ഡ്യൂട്ടി നം.39) 07.50 ചിറക്കര ആയും, 06.10 പാരിപ്പള്ളി (ഡ്യൂട്ടി നം. 41) 07.30 പരവൂർ ആയും പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും കോവിഡിന് മുൻപ് വരെ സർവ്വീസ് നടത്തിയിരുന്ന കൊല്ലം-പരവൂർ-നെല്ലേറ്റിൽ ഉൾപ്പെടെയുള്ള നിരവധി പ്രാദേശിക ഓർഡിനറി ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നിന്നുപോയ സർവ്വീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് മറ്റ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കൂടുതൽ സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ